കശുവണ്ടിവികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവിടങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക

228 (573) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്ഥാപനങ്ങളിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം ചെയ്യുന്നതിനായി എത്ര രൂപ അനുവദിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) 2014-15 കാലയളവിൽ കാപ്പെക്സ് സ്വന്തം ഫണ്ടിൽനിന്നും 2011-ലെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി 90 ലക്ഷം രൂപയോളം ചെലവഴിച്ചു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 28-3-2011-ലെ GO(Rt) No.509/2011/Lbr. നമ്പർ ഉത്തരവിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും മേലിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുവാൻ സർക്കാർ ഫണ്ട് അനുവദിക്കുകയില്ലെന്നും ആയത് സ്വന്തം ഫണ്ടിൽനിന്നും കണ്ടെത്തണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ സർക്കാരിന്റെ കാലത്ത് ഗ്രാറ്റുവിറ്റി നൽകുവാനായി തുക അനുവദിച്ചിട്ടില്ല.

പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക

229 (574) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഭരണത്തിൽ ഹാന്റെക്സ് മറ്റ് സംസ്ഥാനങ്ങളിലെ കച്ചവടക്കാരിൽനിന്ന് തുണി എടുക്കുകയും കേരളത്തിലെ പ്രാഥമിക കൈത്തറി സംഘങ്ങളിൽനിന്നും തുണി എടുക്കാതിരിക്കുകയും ചെയ്യുന്നത് മൂലം പ്രാഥമിക സംഘങ്ങൾ തകർച്ചയിലാവുന്ന സ്ഥിതിയുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥിതിക്ക് പുറമേ വൻതുക റിബേറ്റ് കുടിശ്ശിക കൊടുത്ത് തീർക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റിബേറ്റ് കുടിശ്ശിക കൊടുത്ത് തീർക്കാൻ കൈക്കൊണ്ട നടപടി വിശദമാക്കാമോ ; കുടിശ്ശിക എന്ന് കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) കൈത്തറി മേഖലയിലെ തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കുന്നതിന് കൈക്കൊണ്ട നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) ഹാന്റെക്സ് പ്രാഥമിക സംഘങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് പുറമേ നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ/ ഹാന്റ്ലൂം ഹൗസ് എന്നീ സ്ഥാപനങ്ങളിൽനിന്നും സംഭരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം പ്രാഥമിക സഹകരണസംഘങ്ങൾ തകർച്ചയിലാകുന്നുവെന്ന പരാതി ലഭിച്ചിട്ടില്ല.

(ബി) ഉണ്ട്.

(സി) 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ലഭിച്ച 4.84 കോടിരൂപയിൽ 2,13,15,458 രൂപ വിനിയോഗിച്ചുകഴിഞ്ഞു. എന്നാൽ റിബേറ്റിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക മുഴുവനും നൽകുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവയിൽ നിന്നും ലഭിച്ചിരിക്കുന്ന റിബേറ്റ് അപേക്ഷകളിൽ ഉൾപ്പെട്ടിരിക്കുന്ന ആകെ തുക 12,49,25,839 രൂപയാണ്. കൂടുതൽ ബഡ്ജറ്റ് വിഹിതം ലഭ്യമാക്കി റിബേറ്റ് കുടിശ്ശിക മുഴുവനും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റിയാണ് ഇതിനുള്ള നടപടി സ്വീകരിക്കുന്നത്.

കല്ലുവണ്ടിമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

230 (575) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി, നവീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly